# മാർത്തോമ്മാ സൺഡേസ്കൂൾ സമാജം

# അഖില ലോക സൺഡേസ്കൂൾ ദിനം

## 2014 നവംബർ 2 ഞായർ

## ആരാധനാക്രമം

**(മാർത്തോമ്മാ മെത്രാപ്പോലീത്താ അംഗീകരിച്ചത്)**

**പാട്ട്**

**കൗമ്മാ**

### പ്രാരംഭ പ്രാർത്ഥന

ദൈവമായ കർത്താവേ, നിന്റെ മക്കളായ ഞങ്ങൾ നന്ദിയും സ്തുതിയും നിറഞ്ഞ ഹൃദയത്തോടെ അടുത്തുവരുന്നു. ഇന്നത്തെ ആരാധനയിലൂടെ നിന്റെ തിരുസാന്നിദ്ധ്യം അനുഭവിക്കുവാൻ ഞങ്ങളെ സഹായിക്കേണമേ. നിന്റെ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ഞങ്ങൾ നിറയപ്പെടുവാൻ ഇടയാക്കണമേ. ആമ്മീൻ

### അനുതാപ പ്രാർത്ഥന

നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു. (1 യോഹ. 1:9)

*(ഞങ്ങളോട് ക്ഷമിക്കേണമേ എന്ന് പ്രതിവാക്യമായി പറയണം)*

1. നിന്നോടും, മാതാപിതാക്കളോടും മുതിർന്നവരോടും അനുസരണക്കേട് കാട്ടിയത് ദൈവമേ....
2. ഞങ്ങളുടെ പഠനങ്ങളിൽ കഠിനാധ്വാനം ചെയ്യാതെ ഉദാസീനത പുലർത്തിയത് ദൈവമേ...

3. ഞങ്ങൾക്ക് എല്ലാറ്റിനും ആവശ്യമായ സമയം ലഭിച്ചപ്പോൾ പ്രാർത്ഥിക്കുവാൻ സമയം കണ്ടെത്തുവാൻ കഴിയഞ്ഞത് ദൈവമേ...
4. ഇടവകയുടെയും സഭയുടെയും പ്രവർത്തനങ്ങളിൽ, പ്രത്യേകിച്ച് സണ്ടേസ്കൂൾ പ്രവർത്തനങ്ങളിൽ പങ്കാളികളാകാതിരുന്നത് ദൈവമേ...
5. ഞങ്ങൾക്ക് പ്രാപ്തി ഉണ്ടായിട്ടും സഹജീവികളുടെ ആവശ്യങ്ങളിൽ പ്രതികരിക്കാതിരുന്നത് ദൈവമേ...

പ്രിയ കർത്താവേ, ഞങ്ങളുടെ ഹൃദയങ്ങളെ ശുദ്ധീകരിച്ച് വെടിപ്പാക്കണമേ. ഞങ്ങൾ ഇപ്പോൾ ഏറ്റുപറഞ്ഞ പാപങ്ങൾ ആവർത്തിക്കാതിരിക്കുവാൻ ഞങ്ങളെ സഹായിക്കേണമേ. ആമ്മീൻ

## നമുക്ക് സ്തോത്രം ചെയ്യാം

യഹോവയ്ക്കു സ്തോത്രം ചെയ്വിൻ ;
അവൻ നല്ലവനല്ലോ അവന്റെ ദയ എന്നേക്കുമുള്ളത്
*(ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു എന്ന് പ്രതിവാക്യമായി പറയണം)*

1. പ്രാർത്ഥന, കരുതൽ, പങ്കിടീൽ തുടങ്ങിയ ജീവിതമൂല്യങ്ങൾ ഞങ്ങൾക്കു പകർന്നുതരുന്ന സ്നേഹമുള്ള കുടുംബാംഗങ്ങൾക്കായി ദൈവമേ...
2. ഞങ്ങളെ ആത്മീയമായി നയിക്കുന്ന സഭ, ഇടവക, സൺഡേസ്കൂൾ എന്നിവയ്ക്കായി ദൈവമേ...
3. സൃഷ്ടിയുടെ വൈവിധ്യത്തിനായും, ഞങ്ങളുടെ രാഷ്ട്രത്തിന്റെ പൈതൃകത്തിനായും ദൈവമേ...
4. നിന്നെ കൂടുതലായി അറിയുന്നതിന് സഹായകരമാകുന്ന ക്രിസതീയമാധ്യമങ്ങൾക്കായും, അവയുടെ പ്രവർത്തനങ്ങൾക്കായും ദൈവമേ...

5. നീ ഞങ്ങൾക്കു നൽകിയിട്ടുള്ള താലന്തുകൾക്കായും വ്യത്യസ്ഥമായ കഴിവുകൾക്കായും ദൈവമേ...

കർത്താവേ നിന്റെ എല്ലാ അനുഗ്രഹങ്ങൾക്കായി എന്നും നന്ദിയുള്ളവരായിരിപ്പാൻ ഞങ്ങളെ സഹായിക്കേണമേ. ആമ്മീൻ

## നമുക്ക് വിവിധ ആവശ്യങ്ങളെ ഓർത്ത് പ്രാർത്ഥിക്കാം

"യഹോവയെയും അവന്റെ ശക്തിയേയും തേടുവിൻ; അവന്റെ മുഖം നിരന്തരം അന്വേഷിപ്പിൻ" (1 ദിന. 16:11)

*(ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ എന്നു പ്രതിവാക്യമായി പറയണം)*

1. രോഗികളായും, അവശനിലയിലും, അപകടങ്ങളെ തുടർന്ന് ശാരീരികക്ലേശങ്ങൾ അനുഭവിക്കുന്നവരെയും ഓർക്കാം. ദൈവമേ...
2. നിർബന്ധിത ബാലവേല നിമിത്തം ബാല്യം നഷ്ടപ്പെട്ടവരെയും പഠനം മുടങ്ങിയവരെയും ഓർക്കാം. ദൈവമേ...
3. യുദ്ധക്കെടുതികൾ നിമിത്തം ജീവിതം ദുസ്സഹമായി ഭയത്തിലും അരക്ഷിതാവസ്ഥയിലും കഴിയുന്ന കുട്ടികളെ ഓർക്കാം. ദൈവമേ...
4. സമാജത്തിന്റെ ആഭിമുഖ്യത്തിലുള്ള കൊല്ലം ആശ്രയ, സുഗന്ധഗിരി പദ്ധതി, സഭയുടെ സ്ഥാപനങ്ങളായ എം. സി.ആർ.ഡി. തെള്ളിയൂർ, ബോംബെ നവജീവൻ കേന്ദ്രം എന്നിവിടങ്ങളിലുള്ള കുട്ടികളെയും അനാഥരെയും , പ്രശ്നബാധിത ഭവനങ്ങളിൽ കഴിയുന്ന കുട്ടികളെയും ഓർക്കാം. ദൈവമേ...

5. സമാജത്തിന്റെ ദൗത്യമേഖലകളായ ക്യാമ്പുകൾ, വി.ബി.എസ്., മിഷൻ ടു പാരിഷ്, സ്കൂൾ, ഹോസ്റ്റൽ, സി.ഇ.സി. ചരൽക്കുന്നിന്റെ പ്രവർത്തനങ്ങൾ എന്നിവയെ ഓർക്കാം. ദൈവമേ...

6. നമ്മുടെ സഭയുടെ മെത്രാപ്പോലീത്താ, വലിയ മെത്രാപ്പോലീത്താ, സമാജം പ്രസിഡന്റ്, തിരുമേനി, മറ്റ് തിരുമേനിമാർ, വൈദികർ, സുവിശേഷകർ, മാനേജിംഗ് കമ്മറ്റി അംഗങ്ങൾ, സമാജം ഓഫീസ് പ്രവർത്തകർ എന്നിവരെ ഓർക്കാം. ദൈവമേ...

യേശുവിൻ നാമത്തിലുള്ള ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ. ആമ്മീൻ

## സമർപ്പണ പ്രാർത്ഥന

പ്രിയ കർത്താവേ, നിന്റെ കരങ്ങളിൽ ഞങ്ങളെ സമർപ്പിക്കുന്നു. നിന്നോടും, മുതിർന്നവരോടും, മാതാപിതാക്കളോടും അനുസരണമുള്ളവരായിരിക്കുമെന്ന് പ്രതിജ്ഞ ചെയ്യുന്നു. എല്ലായ്പ്പോഴും നിനക്ക് പ്രസാദകരമായ ജീവിതം നയിപ്പാൻ ഞങ്ങളെ സഹായിക്കേണമേ. ആമ്മീൻ.